(സി) രജിസ്റ്റർ ചെയ്യപ്പെടുന്ന ഇത്തരം കേസുകളിൽ അടിയന്തരമായി അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യും തട്ടിപ്പിന്റെ വിവിധ സാദ്ധ്യതകളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും, മറ്റും പ്രചാരം നടത്തിയും സ്കൂളുകളിൽ സന്നദ്ധ സംഘടനകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ മുഖേന സൈബർ അവബോധ ക്ലാസുകൾ സംഘടിപ്പിച്ചും തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഇന്റലിജൻസ് സംവിധാനം പര്യാപ്തമാണ്.

കൊച്ചി കേന്ദ്രമാക്കി അനാശാസ്യ പ്രവർത്തനങ്ങൾ

135 (4470) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കേന്ദ്രമായി ഭാര്യ-ഭർത്തൃ വച്ചുമാറൽ വ്യാപകമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഫേസ് ബുക്കിലൂടെയാണ് സമാന ചിന്താഗതിയുള്ള ഇത്തരക്കാരുടെ പ്രവർത്തനം നടക്കുന്നത് എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തെല്ലാം നിയമനടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

സൈബർ കുറ്റകൃത്യങ്ങൾ

136 (4471) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിലവിലുള്ള കുറ്റാന്വേഷണ സംവിധാനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	2010	2011	2012	2013	2014	2015 (14-7-2015 വരെ)
ആകെ	172	285	324	390	466	192

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ചുള്ള വർദ്ധനവ് ചുവടെ ചേർത്തിരിക്കുന്നു :

വർഷം	2010	2011	2012	2013	2014
വർദ്ധനവ് (ശതമാനത്തിൽ)	...	65.70	13.68	20.37	19.49

(സി) കേരളത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ക്രൈംബ്രാഞ്ച് മേധാവിയുടെയും ഓർഗനൈസ്ഡ് ക്രൈം വിംഗ്-I ന്റെ പോലീസ് സൂപ്രണ്ടിന്റെയും മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നു. ജില്ലകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സഹായിക്കുന്നതും പരാതികൾ അന്വേഷിക്കുന്നതും സൈബർ സെല്ലുകൾ മുഖേനയാണ്. കൂടുതൽ സൈബർ സാങ്കേതികവിദ്യ ആവശ്യമുള്ള കേസുകളാണ് സൈബർ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചുവരുന്നത്. ഇതുകൂടാതെ സംസ്ഥാന തലത്തിൽ പരാതികൾ അന്വേഷിക്കുന്നതിനായി തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് Hi-tech Crime Enquiry Cell-ഉം പ്രവർത്തിച്ചുവരുന്നു.

പോലീസ് ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ്

137 (4472) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly